150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചരക്ക് സേവന നികുതി നിയമം നിലവിൽ വന്നതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി - ഉത്തരവ് ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(കൈ)നം.112/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 31.08.2019

---

പരാമർശം: 1. സ.ഉ.(കൈ)നം.123/2017/തസ്വഭവ തീയതി 24.06.2017

2. 2019 ലെ കേരള ധനകാര്യ ബിൽ (ബിൽ നം 185 ഇനം 6).

3. സ.ഉ.(കൈ)നം.63/2019/തസ്വഭവ തീയതി 10.06.2019

### ഉത്തരവ്

സിനിമ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്നത് കൊണ്ട് ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ സർക്കാർ സൂചന (1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചുകൊണ്ടിരുന്ന വിനോദനികുതി ഒഴിവാക്കുകയുണ്ടായി. എന്നാൽ 2019 ജനുവരി 1 മുതൽ സിനിമ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി. നിരക്ക് 28%-ൽ നിന്ന് 18% ആയി കുറച്ച സാഹചര്യത്തിൽ, മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന വിനോദനികുതി പുനഃസ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. അതിൻപ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വരെ വിനോദനികുതി ഏർപ്പെടുത്തുന്നതിന് 2019-ലെ കേരള ധനകാര്യ ആക്ടിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ന്റ് മെന്റ് ടാക്സ് ആക്ട് സെക്ഷൻ-3 ൽ ഭേദഗതി വരുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ സിനിമ ടിക്കറ്റിന്മേൽ 10% വിനോദനികുതി ഉത്തരവ് തീയതി മുതൽ ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം (3) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

പരാമർശം (3) ഉത്തരവ് പ്രബല്യത്തിൽ വരുത്തുന്നതിനെതിരെ സിനിമാ രംഗത്തെ സംഘടനകൾ മുന്നോട്ട് വന്ന സാഹചര്യത്തിലും ബഹു:കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകൾ പരിഗണിച്ചുകൊണ്ടും സർക്കാർ സിനിമാരംഗത്തെ സംഘടനകളുമായി ചർച്ചകൾ നടത്തിയ അടിസ്ഥാനത്തിലും പ്രേക്ഷകർക്ക് അധികസാമ്പത്തിക ഭാരമുണ്ടാക്കാത്ത തരത്തിൽ വിനോദനികുതി ഏർപ്പെടുത്തുന്നത് സർക്കാർ വിശദമായി പരിശോധിച്ചു.

ഈ സാഹചര്യത്തിൽ 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും 01/09/2019 തീയതി മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (3) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കൊണ്ട് പോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവനനികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത

മാസം 3-ാം തീയതിയ്ക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ആർ ഡി) വകുപ്പ്.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ